## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3310** **14-03-2018 -ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളിൽ ഫാക്കൽറ്റി ഡോക്ടർമാരുടെ കുറവ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. അബ്ദുൽ ഹമീദ് പി. :** | | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഫാക്കൽറ്റി ഡോക്ടർമാരുടെ കുറവ് മൂലം കഴിഞ്ഞവർഷം എത്ര ശസ്ത്രക്രിയകൾ മാറ്റിവച്ചിട്ടുണ്ടെന്നും എത്രയെണ്ണം റദ്ദ് ചെയ്യേണ്ടി വന്നിട്ടുണ്ടെന്നും അറിയിക്കാമോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഫാക്കൽറ്റി ഡോക്ടർമാരുടെ കുറവ് മൂലം കഴിഞ്ഞവർഷം ശസ്ത്രക്രിയകൾ മാറ്റിവയ്ക്കേണ്ടതായും, റദ്ദ് ചെയ്യേണ്ടതായും വന്നിട്ടില്ല. |
| ബി) | ഫാക്കൽറ്റി ഡോക്ടർമാരുടെ കുറവ് കാരണം മെഡിക്കൽ വിദ്യാർത്ഥികൾ അനസ്തേഷ്യ സേവനം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | എം.ബി.ബി.എസ് വിദ്യാർത്ഥികൾ അനസ്തേഷ്യ നൽകുന്നില്ല. എന്നാൽ, അനസ്തേഷ്യ വിഭാഗത്തിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ, ബന്ധപ്പെട്ട വിഷയത്തിലെ ഫാക്കറ്റികളുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ, അനസ്തേഷ്യ നൽകാറുണ്ട്. ഇത് ഏതെങ്കിലും വിധത്തിലുള്ള അപകടത്തിന് കാരണമായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| (സി) | മെഡിക്കൽ വിദ്യാർത്ഥികൾ അനസ്തേഷ്യ നൽകുന്നത് കാരണം അനസ്തേഷ്യയുമായി ബന്ധപ്പെട്ട അപകട സാധ്യതകളോ അനസ്തേഷ്യാ സമയത്തുള്ള മരണങ്ങളോ അധികമാകുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ.**